COPY

സ.ഉ.(കൈ) നം.31/2023/LBR MRC1

29/9/23 1085135/23

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവീസസ് - ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ഐ.വി.എഫ് ചികിത്സയുമായി ബന്ധപ്പെട്ട ക്ലെയിം അനുവദിച്ചു നൽകുന്നതിന് സി.ജി.എച്ച്.എസ്. മാനദണ്ഡവും സി.ജി.എച്ച്.എസ്. റേറ്റും ബാധകമാക്കി - ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.31/2023/LBR തീയതി,തിരുവനന്തപുരം, 27-09-2023

---

പരാമർശം:- 1. സ.ഉ.(കൈ) നം.52/2019/തൊഴിൽ. തീയതി: 28.10.2019.

2. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 28.05.2021 ലെ എം.ആർ.സി.4-18495/2020/ ഡി.ഐ.എം.എസ് നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഇ.എസ്.ഐ ഗുണഭോക്താക്കൾ എംപാനൽഡ് ആശുപത്രികളിലോ അടിയന്തിര സാഹചര്യങ്ങളിൽ സ്വകാര്യ ആശുപത്രികളിലോ ചികിത്സ തേടുന്ന പക്ഷം ചികിത്സാ ചെലവ് സി.ജി.എച്ച്.എസ്. നിരക്ക് പ്രകാരം പാസാക്കി നൽകുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം - 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഐ.വി.എഫ് ചികിത്സ ഒരു അടിയന്തിര ചികിത്സയായി കണക്കാക്കുവാൻ സാധിക്കില്ല എന്നും എന്നാൽ സി.ജി.എച്ച്.എസ് ൽ ഐ.വി.എഫ് ചികിത്സയ്ക്ക് അനുമതി നൽകുവാനും ചികിത്സയുടെ ബില്ലുകൾ പാസാക്കുവാനും ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട് എന്നും ആയതുപ്രകാരം ഇ.എസ്.ഐ ഗുണഭോക്താക്കൾക്കും ഐ.വി.എഫ് ചികിത്സയ്ക്ക് അനുമതി നൽകണമെന്ന് പരാമർശം - 2 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചികിത്സകളുടെ ചെലവ് തുക സീലിങ്ങിനുള്ളിൽ നിന്ന് കൊണ്ട് 7:1 എന്ന അനുപാതത്തിൽ (87%) ഇ.എസ്.ഐ കോർപ്പറേഷൻ അനുവദിച്ച് നൽകുന്നുണ്ടെന്നും ഐ.വി.എഫ് ചികിത്സയുടെ ചെലവും ഇപ്രകാരം പ്രതിപൂരണം ചെയ്തുകിട്ടുമെന്നും ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ളതിനാൽ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ഐ.വി.എഫ് ചികിത്സയുമായി ബന്ധപ്പെട്ട ക്ലെയിം അനുവദിച്ചു നൽകുന്നതിന് സി.ജി.എച്ച്.എസ്. മാനദണ്ഡങ്ങളും സി.ജി.എച്ച്.എസ്. റേറ്റും ബാധകമാക്കി ചുവടെ പറയുന്ന നിബന്ധനകളോടെ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) പങ്കാളികൾ ഒന്നിച്ചു താമസിക്കുന്നവരും അങ്ങനെയുള്ള ദമ്പതികളുടെ വന്ധ്യത

ചികിത്സ.

ii) സ്വാഭാവിക രീതികളിൽ ഗർഭധാരണത്തിന് സാധ്യത ഇല്ലാത്തവർ.

iii) ഐ.വി.എഫ് ചികിത്സ നിർദ്ദേശിക്കുന്നത് ഇ.എസ്.ഐ ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ്/ താമസസ്ഥലത്തിന്റെ 25km ദൂരപരിധിയിൽ ഇ.എസ്.ഐ ആശുപത്രി ഇല്ലെങ്കിൽ സർക്കാർ ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ആയിരിക്കണം.

iv) ഐ.വി.എഫ് ചികിത്സ നടത്താവുന്നത്:-

a) ഇ.എസ്.ഐ ആശുപത്രി

b) Cashless ആയി എംപാനൽഡ് ആശുപത്രി

c) ഏതെങ്കിലും ഗവൺമെന്റ് സ്ഥാപനത്തിൽ റീ ഇംബേഴ്സ്മെന്റിന്വിധേയമായി

d) ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിന്നും റഫറൻസ് വാങ്ങി ഇ.എസ്.ഐ. ആശുപത്രി വഴി

v) കൃത്രിമ ഗർഭധാരണത്തിന് ചെലവാകുന്നതിന് അനുവദിക്കുന്ന തുക മൂന്ന് നവ ആർത്തവ ചക്രങ്ങൾക്ക് മാത്രമായിരിക്കും.

vi) എല്ലാ ചെലവുകളും ഉൾപ്പെടുത്തി ഐ.വി.എഫ് ചികിത്സയുടെ നടത്തിപ്പിന്റെയും മരുന്നിന്റെയും മറ്റ് അനുബന്ധ സാധനങ്ങൾ എല്ലാ ചെലവും ഉൾപ്പെടെ ഓരോ ആർത്തവ ചക്രത്തിലും അനുവദിക്കാവുന്ന പരാമാധി തുക 65000/-(അറുപത്തി അയ്യായിരം രൂപ മാത്രം) ആയിരിക്കും.

vii) കൃത്രിമ ഗർഭധാരണത്തിനുള്ള അനുമതി മൂന്ന് ആർത്തവ ചക്രങ്ങൾക്കായിരിക്കും. അതിനുശേഷം ചികിത്സയ്ക്ക് തുക അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദ്വിപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ - 680 020
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 29-09-2023 10:06:17

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.